# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5444 24/05/2017-ലെ മറുപടിയ്ക്ക്

## സർക്കാർ ഓഫീസുകളിൽ കസ്റ്റമർ ഫ്രണ്ട് ലി ഫ്രണ്ട് ഓഫീസ്

| ചോദ്യം<br>ശ്രീ. ടി. എ. അഹമ്മദ് കബീർ | | ഉത്തരം<br>ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | സെക്രട്ടേറിയറ്റ്, കളക്ടേറ്റുകൾ തുടങ്ങി പൊതുജനങ്ങൾ ഏറ്റവും കൂടുതൽ വന്നെത്തുന്ന സർക്കാർ ഓഫീസുകളിൽ പരാതി സ്വീകരിക്കുവാനും വിവരങ്ങൾ നല്കുന്നതിനും ഒരു കസ്റ്റമർ ഫ്രണ്ട് ലി ഫ്രണ്ട്ഓഫീസ് സജ്ജീകരിക്കാൻ സർക്കാർ ആലോചിക്കുമോ; | (എ) | കസ്റ്റമർ ഫ്രണ്ട് ലി ഫ്രണ്ട്ഓഫീസ് സജ്ജീകരിക്കാൻ സർക്കാർ 30/3/1985 ലെ 3461/A2/85/P&ARD നം സർക്കുലർ പ്രകാരം നിർദ്ദേശം നല്കിയിട്ടുള്ളതാണ്. |
| (ബി) | അപേക്ഷകൾ സ്വീകരിക്കുന്നതിനോടൊപ്പം രസീത് നൽകാനും ഫയൽ പുരോഗതി അറിയാനും സൗകര്യമൊരുക്കിയാൽ സെക്ഷനുകൾ കണ്ടെത്തി വിവരങ്ങൾ ആരായുന്നതിനുള്ള ബുദ്ധിമുട്ട് ഒഴിവാക്കാൻ സാധിക്കുമെന്ന കാര്യം പരിഗണിക്കുമോ ? | (ബി) | സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന പരാതികൾക്ക് കൈപ്പറ്റ് രസീതു നല്കേണ്ടതാണെന്ന് 12/1/2009 ലെ 168/AR 13(2)/9/P&ARD നം സർക്കുലർ പ്രകാരം നിർദ്ദേശം നല്കിയിട്ടുള്ളതാണ്. പൊതുജനങ്ങൾ ഏറ്റവും കൂടുതൽ വന്നെത്തുന്ന സർക്കാർ ഓഫീസുകളിൽ എൻക്വയറി കൗണ്ടറുകൾ വഴി ഫയൽ പുരോഗതി അറിയാൻ സാധിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ